ടെക്നീഷ്യൻ ഒഴിവിലേക്ക് അഭിമുഖം

തിരുവനന്തപുരം: വെൺപകൽ സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് എക്സ്റേ ടെക്നീഷ്യൻ /റേഡിയോഗ്രാഫർ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനായി അഭിമുഖം നടത്തുന്നു. റേഡിയോളജിയിലുള്ള അംഗീകൃത ഡിപ്ലോമ / ഡിഗ്രി സർട്ടിഫിക്കറ്റ്, കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ മാർച്ച് 6 രാവിലെ 11ന് അഭിമുഖത്തിന് ഹാജരാകണമെന്ന് മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചു.

ഒരുക്കം പദ്ധതി തുടങ്ങി

പുനലൂർ: പരീക്ഷക്കാലത്ത് കുട്ടികൾക്കുണ്ടാകുന്ന ഉത്കണ്ഠ, മാനസികപിരിമുറുക്കം എന്നിവ മറികടന്ന് പരീക്ഷയെ സമീപിക്കാനും ജീവിതവിജയം കൈവരിക്കാൻ വിദ്യാർഥികളെ സജ്ജരാക്കുന്നതിനുമായി അരിപ്പ ഗവ. മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഒരുക്കം പദ്ധതി തുടങ്ങി. പരീക്ഷയെ നേരിടുന്ന കുട്ടികൾക്ക് വിദഗ്ധപരിശീലനം നൽകുകയാണ് ലക്ഷ്യം. പരിശീലകനും എഴുത്തുകാരനുമായ മനുകുമാർ ആലിയോട് പരിപാടി ഉദ്ഘാടനം ചെയ്തു.

ഗതാഗത നിയന്ത്രണം

കൊല്ലം: കായില റോഡിൽ അറ്റകുറ്റപ്പണിക്കായി ഇന്ന് മുതൽ 10 ദിവസത്തേക്ക് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. അമ്പലംകുന്നിൽ നിന്നും വെളിയത്തിനു പോകുന്ന വാഹനങ്ങൾ പൂയപ്പള്ളി വഴിയും തിരികെയും പോകേണ്ടതാണ്.

ഐസിടി സ്കോളർഷിപ്പ്; അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: സംസ്ഥാന സർക്കാർ പദ്ധതിയായ കേരള നോളജ് എക്കോണമി മിഷനുമായി ചേർന്ന് ഐസിടി അക്കാദമി ഓഫ് കേരള യോഗ്യരായ വിദ്യാർഥികളിൽ നിന്ന് ആറ് മാസ സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾക്കായി അപേക്ഷ ക്ഷണിച്ചു. ഐ ടി മേഖലയിൽ നിലവിൽ ഏറെ ജോലിസാധ്യതകളുള്ള തൊഴിൽ നൈപുണ്യ പരിശീലന പ്രോഗ്രാമുകളായ മെഷീൻ ലേണിംഗ് ആന്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഫുൾ സ്റ്റോക്ക് ഡെവലപ്മെന്റ്, 2ഡി / 3ഡി ഗെയിം ഇഞ്ചിനിയറിംഗ് തുടങ്ങിയ കോഴ്സുകളിലേയ്ക്കാണ് ഇപ്പോൾ പ്രവേശനം ആരംഭിച്ചിരിക്കുന്നത്. https://ictkerala.org/ registration എന്ന ലിങ്ക് സന്ദർശിച്ച് ഈ കോഴ്സുകളിൽ രജിസ്റ്റർ ചെയ്യാം.യോഗ്യരായ വിദ്യാർഥികൾക്ക് കേരള നോളജ് മിഷന്റെ 70% സ്കോളർഷിപ്പ് ലഭിക്കും. അക്കാദമിക് മികവ് പുലർത്തുന്ന ഇതര വിദ്യാർഥികൾക്ക് ഐസിടി അക്കാദമി നൽകുന്ന 40% സ്കോളർഷിപ്പ് ലഭിക്കും. സ്കോളർഷിപ്പ് ലഭിക്കാത്ത, വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ആകെ ഫീസിന്റെ 15% ക്യാഷ് ബാക്കായി നൽകുന്നു. ഈ പ്രോഗ്രാമുകളിലേക്ക് മാർച്ച് 05 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് +91 75 940 51437, 471 270 0811 എന്നീ നമ്പരുകളിൽ ബന്ധപെടുക.

ദർഘാസ്

ജില്ലാ ആശുപതിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി / ആരോഗ്യ കിരണം / ആർ.ബി.എസ് .കെ / മെഡിസെപ്പ് ചികിത്സ ആനുകൂല്യമുള്ള രോഗികൾക്ക് ആശുപതിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ വിതരണം ചെയ്യുന്നതിന് ദർഘാസുകൾ ക്ഷണിച്ചു.
ദർഘാസ് ഫോറത്തിന്റെ വില: 1000/- രൂപ + GST.
ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന തീയതി : 04-03-2024 , 3.00 പി എം.
172/F3/2024/I&PRD

കോടതി പരസ്യം

ബഹു. പുനലൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ
OP(MV) 463/2023
ഹർജിക്കക്ഷി :
തുളസീധരൻ, S/o ജനാർദ്ദനൻ ആചാരി, നെടുംപുറത്ത് വീട്, പഴയാർ മുറി, കിഴക്കേകല്ലടയിൽ നിന്നും ഇപ്പോൾ താമസം സതീഷ് വില്ല, കിഴക്കേതെരുവ് (PO), കൊട്ടാരക്കര
2-ാം എതൃകക്ഷി :
ഷാനു ബി@ മുത്തു, S/o ഷാജി, ഷി വോദയം കോളനി, കടവൂർ മുറി, പെരിനാട് വില്ലേജ്, കൊല്ലം താലൂക്ക്
2-ാം എതൃകക്ഷിയെ തെര്യപ്പെടുത്തുന്ന നോട്ടീസ്

ഹർജിക്കക്ഷിക്ക് 8.3.2023 തീയതിയിൽ വാഹന അപകടത്തിൽ ഉണ്ടായ നഷ്ടപരിഹാരം ഈടാക്കികിട്ടുന്നതിനുവേണ്ടി ഫയൽ ചെയ്ത ഹർജി സംബന്ധിച്ച് 2-ാം എതൃകക്ഷിക്ക് ബഹു. കോടതിയിൽ നിന്നും നോട്ടീസ് അയച്ചിട്ടും ടിയാൻ നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വന്നിട്ടുള്ളതിനാൽ മേൽ വിവരിച്ച ഹർജി സംബന്ധിച്ച് 2-ാം എതൃകക്ഷിക്ക് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം 2024-ാം മാണ്ട് 4-ാം മാസം 19-ാം തീയതി പകൽ 11 മണിക്ക് ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ച് കൊള്ളേണ്ടതും അല്ലാത്തപക്ഷം ടി 2-ാം എതൃകക്ഷിക്ക് ആക്ഷേപമില്ലെന്ന് കണ്ട് മേൽ നമ്പർ ഹർജി തീർച്ച ചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തുന്നു.
ഉത്തരവിൻപ്രകാരം
ഹർജിക്കക്ഷി ഭാഗം
അഡ്വക്കേറ്റ് ജി. അനിത
Hg: 19/4/2024

ജെ. തങ്കയ്യന്റെ പത്താം ചരമവാർഷികം ഉമ്മൻ ചാണ്ടി കൾച്ചർ വെൽഫയർ അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചപ്പോൾ.

ജെ. തങ്കയ്യന്റെ ചരമവാർഷികം

നെയ്യാറ്റിൻകര: കോൺഗ്രസ് നേതാവായിരുന്ന ജെ. തങ്കയ്യന്റെ പത്താം ചരമവാർഷികം ഉമ്മൻ ചാണ്ടി കൾച്ചർ വെൽഫയർ അസോസിയേഷൻ സംഘടിപ്പിച്ചു. കെപിസിസി സെക്രട്ടറി ആർ. വത്സലൻ, ബ്ലോക്ക് പ്രസിഡന്റ് ഗിരീഷ് കുമാർ, മുൻ ബ്ലോക്ക് പ്രസിഡന്റ് വിജയചന്ദ്രൻ, ആര്യങ്കോട് വിഭുകുമാർ, സ്റ്റീഫൻ, ചെമ്പൂര് രാജൻ, ഗോപാലകൃഷ്ണൻ, സാംകുട്ടി, റാബി, സെൽവനോസ്, ടിനികുമാർ നേതൃത്വം നൽകി.

വേനൽമഴ വൈകുന്നു; കർഷകർക്ക് നഷ്ടം ലക്ഷങ്ങൾ

പുനലൂർ: വേനൽമഴ വൈകിയതോടെ കർഷകർക്ക് ലക്ഷങ്ങളുടെ നഷ്ടം. കാർഷികവിളകൾ കരിഞ്ഞുണങ്ങുന്നതാണ് കാരണം. 16 ഏക്കറിൽ നട്ടുനനച്ചു വളർത്തിയ 800 കപ്പവാഴ, 25000 മൂട് മരച്ചീനി തുടങ്ങിയ കൃഷികൾ കരിഞ്ഞുണങ്ങിയതിന്റെ ആഘാതത്തിലാണ് ചണ്ണപ്പേട്ട സ്വദേശിയായ യുവ കർഷകൻ ലിജോ തടത്തിൽ. ഇപ്പോഴത്തെ അവസ്ഥയിൽ 6 ലക്ഷത്തോളം രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് വിലയിരുത്തൽ.

വേനലിന്റെ കാഠിന്യം കണക്കിലെടുത്ത് സർക്കാർ പരമാവധി സഹായം എത്തിച്ചില്ലെങ്കിൽ തന്നെപ്പോലുള്ള കർഷകർ കൃഷി അവസാനിപ്പിക്കേണ്ടിവരുമെന്നാണ് ലിജോ പറയുന്നത്. വേനൽ ചൂടിൽ എലിക്കാട്ടൂർ ഏലാ കരിഞ്ഞു.

ജോസ് ഭവനിൽ അലക്സ്, പുത്തൻവീട്ടിൽ സജി, ബാബുക്കുട്ടി, സത്യൻ, ബിജു എന്നിവരുടെ നൂറുകണക്കിന് വാഴകളാണ് കരിഞ്ഞുണങ്ങിയത്. കനാലിൽ വെള്ളം തുറന്നുവിട്ടെങ്കിലും സബ്കനാലിൽ വെള്ളം എത്താത്തത് കൃഷി ഉണങ്ങിയതിന് കാരണമായെന്ന് കർഷകർ പറയുന്നു. കല്ലടയാറിൽ ജലനിരപ്പ് താഴ്ന്നതും വരൾച്ചയ്ക്ക് കാരണമായി.

ആശാ ഭവനത്തിന്റെ താക്കോൽ ആശയുടെ മാതാപിതാക്കൾക്ക് എം.വി. ഗോവിന്ദൻ കൈമാറുന്നു.

ആശാ ഭവനത്തിന്റെ താക്കോൽ കൈമാറി

ബാലരാമപുരം: പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനിടെ കൊവിഡ് ബാധിച്ച് മരിച്ച ഡിവൈഎഫ്ഐ ബാലരാമപുരം നോർത്ത് മേഖലാ കമ്മിറ്റി അംഗമായിരുന്ന ആശയുടെ മാതാപിതാക്കൾക്കായി നിർമിച്ച ഭവനത്തിന്റെ താക്കോൽ കൈമാറി. ഡിവൈഎഫ്ഐ നേമം ബ്ലോക്ക് കമ്മിറ്റി നിർമിച്ച ആശാഭവനത്തിന്റെ താക്കോൽ കൈമാറൽ ചടങ്ങ് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ നിർവഹിച്ചു. ബ്ലോക്ക് പ്രസിഡന്റ് എസ്.ആർ. ജ്യോതിഷ് അധ്യക്ഷനായി. ഡിവൈഎഫ്ഐ അഖിലേന്ത്യ പ്രസിഡന്റ് എ.എ. റഹീം എംപി, ജില്ല സെക്രട്ടറി ഡോ. ഷിജുഖാൻ, പ്രസിഡന്റ് അനൂപ്, ട്രഷറർ ശ്യാമ, സിപിഎം ജില്ല സെക്രട്ടറിയേറ്റ് അംഗം കെ.സി. വിക്രമൻ, ജില്ല കമ്മിറ്റി അംഗങ്ങളായ എം.എം. ബഷീർ, എസ്.കെ. പ്രീജ, ഏരിയ സെക്രട്ടറി പാറക്കുഴി സുരേന്ദ്രൻ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, ബാലരാമപുരം പഞ്ചായത്ത് പ്രസിഡന്റ് വി. മോഹനൻ, എ. പ്രതാപചന്ദ്രൻ, ബ്ലോക്ക് സെക്രട്ടറി എം.യു. മനുകുട്ടൻ, ഡി.എസ്. നിതിൻരാജ്, വി.എസ്. അക്ഷയ, എസ്. പി. പ്രശാന്ത് എന്നിവർ പ്രസംഗിച്ചു.

സ്മാർട്ട് അങ്കണവാടിയുടെ ഉദ്ഘാടനം പി. ഹരികേശൻ നായർ നിർവഹിക്കുന്നു.

സ്മാർട്ട് അങ്കണവാടി തുറന്നു

നെടുമങ്ങാട്: നഗരസഭയിലെ പതിനാറാം കല്ല് വാർഡിൽ സ്മാർട്ട് അങ്കണവാടി തുറന്നു. സൗജന്യ കുടിവെള്ള കണക്ഷന്റെയും ലൈഫ് ഭവന പദ്ധതികളുടെയും നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നെടുമങ്ങാട് നഗരസഭ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. ഹരികേശൻ നായർ നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബി. സതീശൻ അധ്യക്ഷനായി. വാർഡ് കൗൺസിലർ വിദ്യവിജയൻ സ്വാഗതം ആശംസിച്ചു. നെടുമങ്ങാട് നഗരസഭ വൈസ് ചെയർമാൻ എസ്. രവീന്ദ്രൻ, കൗൺസിലർമാരായ എം. എസ്. ബിനു, ഉഷ, ഐസിഡിഎസ് സൂപ്പർവൈസർ വിദ്യ എന്നിവർ പങ്കെടുത്തു.

തെക്കേത്തേരി ഗവ. എൽപിഎസ് പ്ലാറ്റിനം ജൂബിലിയിലേക്ക്

പുനലൂർ: പട്ടാഴി തെക്കേത്തേരി ഗവ. എൽപിഎസ് പ്ലാറ്റിനം ജൂബിലിയിലേക്ക്. മേഖലയിലെ ആദ്യസ്കൂളുകളിൽ ഒന്നാണ് ഇത്.

നാടിന്റെ ഉത്സവമായി ആഘോഷിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സ്കൂൾ അധികൃതർ പറഞ്ഞു. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷത്തിന്റെ ആലോചനായോഗം പഞ്ചായത്തംഗം അനിമാത്യു ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് എസ്.എ. ഷീജ അധ്യക്ഷത വഹിച്ചു.

ആഘോഷങ്ങളുടെ ഉദ്ഘാടനം മാർച്ച് 27ന്. ഒരു വർഷത്തേക്കുള്ള പദ്ധതികൾ ആവിഷ്കരിക്കാനും കമ്മിറ്റിയെ തിരഞ്ഞെടുത്തു. പിടിഎ പ്രസിഡന്റ് രാജൻ (ജന.കൺവീനർ), പട്ടാഴി ഉണ്ണികൃഷ്ണൻ (പ്രോഗ്രാം കമ്മിറ്റി കൺവീനർ).

ക്യാൻസർ നിർണയക്യാമ്പ് ഇന്ന്

നെടുമങ്ങാട്: നിംസ് മെഡിസിറ്റിയുടെ നേതൃത്വത്തിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയും കല്ലിങ്ങൽ ബജാജ് ഗ്രൂപ്പും സംയുക്തമായി ക്യാൻസർ നിർണയ ക്യാമ്പ് ഇന്നുരാവിലെ 8.30ന് നെടുമങ്ങാട് മുനിസിപ്പൽ ഹാളിൽ നടക്കും. തുടർ ചികിത്സാ പദ്ധതികൾ നിംസ് മെഡിസിറ്റിയിലെ സർജിക്കൽ ഓങ്കോളജിസ്റ്റ് ഡോക്ടർ ജി.എസ്. ജീവൻ, ക്ലിനിക്കൽ ഓങ്കോളജിസ്റ്റ് ഡോക്ടർ വി.പി. വീണ എന്നിവരുടെ നേതൃത്വത്തിൽ സർജറി, ഗൈനക്കോളജി, റേഡിയേഷൻ, വായിലെ അർബുദരോഗ നിർണയത്തിന് ദന്തരോഗ വിഭാഗം തുടങ്ങിയ വിഭാഗങ്ങളിലെ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകും. അൾട്രാ സൗണ്ട് സ്കാനിങ്, സ്തനാർബുദ രോഗനിർണയം, സ്ത്രീകളിലെ ഓവറിയൻ ക്യാൻസർ മാർക്കർ പരിശോധന, പുരുഷന്മാരിലെ പ്രോസ്റ്റേറ്റ് ക്യാൻസർ നിർണയ ടെസ്റ്റ് കൺസൾട്ടേഷൻ എന്നിവയുണ്ടായിരിക്കും. കീമോതെറാപ്പിക്ക് മെഡിസെപ്പ് കവറേജിന്റെ ആനുകൂല്യവും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 984631 6776, 7306791318, 9388124339.

ജില്ലാ പഞ്ചായത്തിന്റെ വിശ്രമമന്ദിരത്തിന് തറക്കല്ലിട്ടു

നെയ്യാറ്റിൻകര: ജില്ലാ പഞ്ചായത്ത് കുന്നത്തുകാൽ പഞ്ചായത്തിലെ കാരക്കോണം ജംഗ്ഷനിൽ അത്യാധുനിക സംവിധാനത്താടെ ബഹുനില വഴിയോര വിശ്രമകേന്ദ്രം നിർമിക്കുന്നു.

50 ലക്ഷം രൂപ ചെലവിൽ 2200 ചതുരശ്ര അടിയിൽ നിർമിക്കുന്ന ഇരുനില മന്ദിരത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ഇരിപ്പിടങ്ങൾ, ടോയ്‌ലെറ്റുകൾ, റീഡിങ് റൂം, കോഫീ ഹൗസ് തുടങ്ങി വിപുലമായ സംവിധാനങ്ങളുണ്ട്. മന്ദിരത്തിന്റെ ശിലാസ്ഥാപന ചടങ്ങ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു.

കുന്നത്തുകാൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി. കുമാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം വി.എസ്. ബിനു സ്വാഗതം പറഞ്ഞു. പെരുങ്കടവിള ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ് വി. താണുപിള്ള, ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ ചെയർമാൻ റ്റി. വിനോദ്, ജെഎസ്എസ് ജില്ലാ വൈസ് പ്രസിഡന്റ് കുന്നത്തുകാൽ മണി കണ്ഠൻ, പഞ്ചായത്ത് ക്ഷേമകാര്യ സമിതി ചെയർമാൻ എസ്.എസ്. റോജി, ആരോഗ്യ വിദ്യാഭാസ സ്ഥിരം സമിതി അധ്യക്ഷ കെ.എസ്. ഷീബാറാണി, പഞ്ചായത്തംഗങ്ങളായ എസ്.എസ്. വിനോദ്, അനിതകുമാരി, രത്നാഭായ് തുടങ്ങിയവർ സംസാരിച്ചു.

വിശ്രമമന്ദിരത്തിന്റെ ശിലാസ്ഥാപനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു.

നെടുമങ്ങാട് നഗരസഭ കൊപ്പം വാർഡിൽ (31) നവീകരിച്ച തോട്ടുമുക്ക് കമ്മ്യൂണിറ്റി ഹാളിന്റെയും, പാലിയേറ്റീവ് സഹായ ഉപകരണങ്ങൾ ഏറ്റുവാങ്ങുന്നതിന്റെയും ഉദ്ഘാടനം മന്ത്രി ജി.ആർ.അനിൽ നിർവഹിക്കുന്നു. നഗരസഭ ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ എസ്. അജിത, കൗൺസിലർ പി. രാജീവ്, മരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി. ഹരികേശൻ നായർ, കൗൺസിലർ ശ്യാമള, സിഡിഎസ് ചെയർപേഴ്സൺ റീജ സമീപം.

കെ.വി. വാസുദേവൻ അനുസ്മരണയോഗം

നെടുമങ്ങാട്: മുതിർന്ന കമ്യൂണിസ്റ്റ് നേതാവായിരുന്ന കെ.വി. വാസുദേവന്റെ അനുസ്മരണയോഗം ഡോ.കെ.ടി ശശി ഉദ്ഘാടനം ചെയ്തു. നഗരസഭ മുൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എസ്.എസ്. ബിജു അധ്യക്ഷനായി. കെ.റഹിം, ഡോ. ബി.ബാലചന്ദ്രൻ, കൗൺസിലർ പി.രാജീവ്, അനിൽ വേങ്കോട്, അജയൻ സന്നഗർ എന്നിവർ സംസാരിച്ചു. പുഷ്പാർച്ചനയ്ക്ക് മുൻ നഗരസഭ ചെയർമാൻ ആർ. മധു, കെ.എ. അസീസ്, ആർ.പ്രീത, എൻ.പ്രസന്നൻ, വി.അനിൽ, വേങ്കോട് മധു, അഭിഷേക് എന്നിവർ നേതൃത്വം നൽകി.

കെ.വി. വാസുദേവൻ അനുസ്മരണയോഗം ഡോ. കെ.ടി ശശി ഉദ്ഘാടനം ചെയ്യുന്നു.

സംരക്ഷണ ഭിത്തി കെട്ടുന്നതിനിടെ സമീപത്തെ റോഡ് തകർന്നു

വിഴിഞ്ഞം: സംരക്ഷണ നിർമ്മിക്കുന്നതിനിടെ മണ്ണിടിഞ്ഞ് സമീപത്തെ റോഡ് തകർന്നു. കോട്ടുകാൽ ചപ്പാത്ത് വലിയ തോടിലെ സംരക്ഷണ ഭിത്തി നിർമിക്കുന്നതിനിടെയാണ് റോഡ് ഇടിഞ്ഞ് താഴ്ന്നത്. സംഭവത്തെ തുടർന്ന് റോഡിലൂടെയുള്ള ഗതാഗതം പൂർണ്ണമായും നിലച്ചു. ചപ്പാത്തിനെയും ബൈപ്പാസിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണിത്. ഇതോടെ പ്രദേശവാസികളും സ്കൂൾ കുട്ടികളും ബുദ്ധിമുട്ടിലായി. ഇന്നലെ ഉച്ചയ്ക്ക് 12.30 ഓടെ ജെസിബി ഉപയോഗിച്ച് സംരക്ഷണ ഭിത്തികെട്ടുന്നതിന് കുഴിക്കുന്നതിനിടെയാണ് മണ്ണിടിച്ചിലുണ്ടായി റോഡ് തകർന്ന് തോട്ടിലേക്ക് വീണത്. ശേഷിച്ച ഭാഗത്തും തകർച്ചാഭീഷണിയാണ്. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച അഞ്ചുലക്ഷം രൂപ ചെലവിട്ടാണ് ചപ്പാത്തിലെ വലിയതോടിന്റെ ഒരുഭാഗത്തെ ഇടിഞ്ഞുപോയ സംരക്ഷണഭിത്തി നിർമിക്കുന്നത്. ചൊവ്വാഴ്ച രാവിലയോടെയാണ് നിർമാണ പ്രവർത്തികൾ ആരംഭിച്ചത്. നിർമാണ പ്രവർത്തി ഏറ്റെടുത്ത കരാറുകാരനോട് അടിയന്തരമായി റോഡ് പുനർനിർമിക്കുന്നത് ഉൾപ്പെട്ടവ പൂർത്തിയാക്കാൻ ആവശ്യപ്പെടുമെന്ന് ബ്ലോക്ക് പഞ്ചായത്തംഗം എ.എസ്.അജിതകുമാരി പറഞ്ഞു.

സംരക്ഷണ ഭിത്തി നിർമാണത്തിനിടെ തകർന്ന കോട്ടുകാൽ ചപ്പാത്ത് വലിയ തോടിന് സമീപത്തെ റോഡ്.

കോൺഗ്രസ് മാരായമുട്ടം മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ മാവേലി സ്റ്റോറിന് മുന്നിൽ നടന്ന പ്രതിഷേധം കെപിസിസി നിർവാഹക സമിതി അംഗം ആർ. വൽസലൻ ഉദ്ഘാടനം ചെയ്യുന്നു.

മാവേലിസ്റ്റോറിന് മുമ്പിൽ കലം ഉടച്ച് സമരവുമായി കോൺഗ്രസ്

നെയ്യാറ്റിൻകര: മാവേലി സ്റ്റോറുകളിൽ സബ്സിഡി നിരക്കിൽ ലഭിച്ച് കൊണ്ടിരുന്ന സാധങ്ങളുടെ വിലവർധനവിലും സാധനങ്ങൾ ലഭ്യമല്ലാത്തതിലും പാവപ്പെട്ടവരെയും സാധാരണക്കാരെയും അന്നം മുട്ടിച്ച് പട്ടിണിക്കിട്ട എൽഡിഎഫിന്റെ ജനദ്രോഹ നടപടികളിൽ പ്രതിഷേധിച്ച് കോൺഗ്രസ് മാരായമുട്ടം മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ മാവേലി സ്റ്റോറിന് മുന്നിൽ പ്രതിഷേധിച്ചു. പ്രതിഷേധം കെപിസിസി നിർവാഹക സമിതി അംഗം ആർ. വത്സലൻ ഉദ്ഘാടനം ചെയ്തു. മന്ത്രി ജി.ആർ. അനിലിന്റെ കോലത്തിൽ കലം ഉടച്ചും കോലം കത്തിച്ചുമാണ് പ്രതിഷേധിച്ചത്.

മണ്ഡലം കോൺഗ്രസ് കമ്മറ്റി പ്രസിഡന്റ് ബിനിൽ മണലുവിളയുടെ അധ്യക്ഷതയിൽ സംഘടിപ്പിച്ച പ്രതിഷേധത്തിൽ കർഷക കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് മാരായമുട്ടം എം.എസ്. അനിൽ, പാറശാല ബ്ലോക്ക് പ്രസിഡന്റ് എസ്. ജോൺ എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. കർഷകോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡന്റ് പുനയൽ സന്തോഷ്, ബ്ലോക്ക് സെക്രട്ടറി വടകര വിൽസൻ, മണ്ഡലം കമ്മറ്റി വൈസ് പ്രസിഡന്റുമാരായ പാട്ടവിള ശശിധരൻ നായർ, തത്തിയൂർ സുഗതൻ, ശ്രീരാഗം ശ്രീകുമാർ, എം. എസ്. പാർവതി, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് അരുവിപുറം കൃഷ്ണകുമാർ എന്നിവർ സംസാരിച്ചു.

മണ്ഡലം കമ്മിറ്റി സെക്രട്ടറിമാരായ അയിരൂർ ജോണി, മണ്ണൂർ ശ്രീകുമാർ, കാക്കണം ബിജുലാൽ, ആനായിക്കോണം സുരേഷ്, എസ്. കെ. അനിൽ കുമാർ, മലയിൽക്കട സുരേന്ദ്രൻ, തത്തിയൂർ സുരേന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകി. മാരായമുട്ടം - പാലിയോട് റോഡിൽ നിന്നും പ്രകടനമായെത്തിയ പ്രതിഷേധക്കാരെ മാരായമുട്ടം ജംഗ്ഷനിൽ പൊലിസ് തടഞ്ഞു. തുടർന്ന് റോഡിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു.

ഹയർ സെക്കൻഡറി തുല്യതാപരീക്ഷ മെയ് 20 മുതൽ 25 വരെ

തിരുവനന്തപുരം: ഹയർ സെക്കൻഡറി തുല്യതാ പരീക്ഷ മെയ് 20 മുതൽ 25 വരെ നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ഹയർ സെക്കൻഡറി വിഭാഗം വിജ്ഞാപനമിറക്കി.

ജില്ലയിൽ 22 ഹയർസെക്കൻഡറി സ്കൂളുകൾ പരീക്ഷാ കേന്ദ്രങ്ങളാകും. ഹയർ സെക്കൻഡറി ഒന്നാം വർഷം, രണ്ടാം വർഷ പരീക്ഷകളാണ് മെയ് മാസത്തിൽ നടക്കുക. പരീക്ഷാ ഫീസ് അടയ്ക്കുന്നതിനുള്ള അവസാന തീയതി മാർച്ച് അഞ്ചിനാണ്.

ഗ്രേഡിങ് രീതിയിലാണ് തുല്യതാ പരീക്ഷയും നടക്കുക. നിരന്തര മൂല്യനിർണയം, പ്രായോഗിക മൂല്യനിർണയം, ആന്തരിക മൂല്യനിർണയം എന്നിവ ഉൾപ്പെട്ടിട്ടുള്ളതാണ് ഗ്രേഡിങ് സമ്പ്രദായം. ജില്ലയിൽ 29 സമ്പർക്ക പഠനകേന്ദ്രങ്ങളിലായി രണ്ടായിരത്തോളം മുതിർന്ന പഠിതാക്കളാണ് തുല്യതാ പരീക്ഷയ്ക്ക് തയാറെടുക്കുന്നത്.

കോഴ്സിന്റെ നടത്തിപ്പ് ചുമതല സാക്ഷരതാ മിഷനും പൊതുപരീക്ഷയുടെ നടത്തിപ്പ് ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ഹയർ സെക്കൻഡറി വിഭാഗത്തിനുമാണ്.

പരീക്ഷ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 95264 13455, 9947528616 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണമെന്ന് സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ അറിയിച്ചു.

TATA ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

രജി. വിലാസം: വാർ എ ,പെനിൻസുലാ ബിസിനസ് പാർക്ക്,11ാം നില, ടവർ എ, ഗണപത് റാവു കദം മാർഗ്, ലോവർ പാരൽ, മുംബൈ- 400013. I ബ്രാഞ്ച് ഓഫീസ്: രണ്ടാം നില, ടിസി 16/458(12), ഇന്ത്യ ടവർ, ഇടപ്പഴഞ്ഞി ജംക്ഷൻ, വഴുതക്കാട് പി.ഒ, തിരുവനന്തപുരം - 695014

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.
സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വുവസ്ഥ ചേർത്തു വായന പ്